## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 150 03.02.2020-ൽ മറുപടിക്ക്

### യുവതിയെ കൈയ്യേറ്റം ചെയ്ത സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശംഖുംമുഖം ബീച്ചിൽ അടുത്തിടെ സുഹൃത്തുക്കളുമായി സംസാരിച്ചിരുന്ന പൊതുപ്രവർത്തകയായ യുവതിയെ കൈയ്യേറ്റം ചെയ്തുവെന്ന പരാതിയുമായി വലിയതുറ പോലീസ് സ്റ്റേഷനിലെത്തിയ പരാതിക്കാരെ പോലീസ് ചോദ്യം ചെയ്യുകയും മോശമായി പെരുമാറുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ; | (എ) ശംഖുമുഖം ബീച്ചിൽ സംസാരിച്ചിരുന്ന സ്ത്രീയെ കൈയ്യേറ്റം ചെയ്തു എന്ന പരാതിയുമായി 11/01/2020 തീയതി വലിയതുറ പോലീസ് സ്റ്റേഷനിൽ എത്തിയ പരാതിക്കാരിയോട് അവർക്ക് വിഷമം ഉണ്ടാക്കുന്ന തരത്തിൽ വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതായും പ്രാഥമിക അന്വേഷണത്തിൽ പോലീസുകാരുടെ ഭാഗത്തുനിന്നും മോശമായ തരത്തിലുള്ള പെരുമാറ്റം ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) ആരോപണവിധേയരായ ഗ്രേഡ് എ.എസ്.ഐ സലാഹുദ്ദീനേയും സി.പി.ഒ 2693 സുരേഷ് കുമാറിനേയും 14.01.2020 മുതൽ 20.01.2020 വരെ തീവ്രപരിശീലനത്തിനും പൊതുജനങ്ങളുമായി പോലീസ് ഉദ്യോഗസ്ഥർ എപ്രകാരം ഇടപെടണമെന്നും, മനോഭാവത്തിൽ മാറ്റമുണ്ടാക്കുന്നതിനുമായി തൃശ്ശൂർ പോലീസ് അക്കാദമിയിൽ അയയ്ക്കുകയും തുടർന്ന് ഇവർക്കെതിരെ വാച്യാന്വേഷണത്തിന് 24/01/2020 തീയതിയിലെ എച്ച്-2/3516/2020/റ്റി.സി നമ്പർ ഉത്തരവ് പ്രകാരം ഇൻസ്പെക്ടർ കരമന എസ്.എച്ച്.ഒ-യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) ഈ സാഹചര്യത്തിൽ 'പൊതു ഇടം എന്റേതും' എന്ന പേരിൽ സ്ത്രീകളുടെ രാത്രി യാത്ര സംഘടിപ്പിക്കുന്നത് എപ്രകാരം പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ? | (സി) പൊതു ഇടങ്ങളിലെ സ്ത്രീകളുടെ രാത്രി യാത്രയുടെ സന്ദേശം സ്ത്രീകൾക്ക് സുരക്ഷിതവും നിയമപരവുമായ സംരക്ഷണം ലഭ്യമാകുന്നു എന്നതാണ്. ആയതിനുവേണ്ടി സംസ്ഥാന പോലീസ് സംവിധാനങ്ങളെല്ലാം ക്രിയാത്മകമായി ഇടപെട്ട് ആവശ്യമായ |

സുരക്ഷ രാത്രി കാലങ്ങളിൽ ഒരുക്കി വരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് എത്രയും പെട്ടെന്നുതന്നെ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ഒരു മുന്നറിയിപ്പാണ്. ഇതിനുപുറമേ അലംഭാവം കാട്ടിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ